(ഡി) മത്സ്യത്തൊഴിലാളികളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനുള്ള ഈ പദ്ധതി മന്ദഗതിയിലായിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?

മത്സ്യത്തൊഴിലാളികൾക്ക് തീരദേശത്തുനിന്ന് മാറി താമസിക്കുന്നതിന് അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിലുള്ള കാലതാമസവും തീരദേശ മേഖലയിൽ വലിയ ഭവനമുള്ളവരും 5 സെന്റിൽ കൂടുതൽ ഭൂമി ഉള്ളവരും മാറാൻ വിമുഖത കാണിക്കുന്നുണ്ട്. ഇത് പരിഹരിച്ച് പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഇ) തീരദേശത്തുനിന്ന് മാറി താമസിക്കുവാൻ സന്നദ്ധരായ എല്ലാ മത്സ്യത്തൊഴിലാളികൾക്കും ഭൂമിയും വീടും ലഭ്യമാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

മാറി താമസിക്കാൻ തയ്യാറാകുന്നവരെ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

മത്സ്യത്തൊഴിലാളികൾക്ക് നൽകിയിരുന്ന ലാഭവിഹിതം

256(562) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് ലാഭവിഹിതം നൽകുന്നതിൽ നിലവിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

മത്സ്യത്തൊഴിലാളികൾക്ക് ലാഭവിഹിതം അനുവദിക്കുന്ന പദ്ധതികൾ നിലവിൽ ഇല്ല. എന്നാൽ സഹകരണ സംഘങ്ങളുടെ കീഴിൽ തീരദേശ മത്സ്യലേലത്തിൽ പങ്കെടുക്കുന്ന തൊഴിലാളികൾക്ക് അവർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന്റെ വിലയുടെ 0.5% തുക ഉത്പാദന ഇൻസെന്റീവ് ആയി നൽകുന്നു.

(ബി) വിദ്യാർത്ഥികൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ, പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നൽകിയിരുന്ന വായ്പാ സർവ്വീസ് ചാർജ്ജ് എന്നിവയുടെ വിതരണം നിലവിൽ നടത്തുന്നുണ്ടോയെന്ന് അറിയിക്കുമോ?

നടത്തുന്നുണ്ട്.

(സി) മത്സ്യബന്ധനത്തിനുള്ള വള്ളം, വല, എഞ്ചിൻ തുടങ്ങിയവ മത്സ്യഫെഡ് സ്റ്റോറുകളിൽ നിന്നും വാങ്ങുമ്പോൾ നൽകിയിരുന്ന സബ്സിഡി നിലവിൽ നിർത്തലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

നിർത്തലാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വള്ളിക്കുന്ന് മണ്ഡലത്തിലെ മത്സ്യത്തൊഴിലാളികൾക്ക് മേൽസൂചിപ്പിച്ച മേഖലകളിൽ നൽകേണ്ട ആനുകൂല്യങ്ങളിൽ നിലവിൽ വീഴ്ച വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഇല്ല.

മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ

257 (563) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷത്തിൽ ട്രോളിംഗ് നിരോധന സമയത്ത് മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ വിതരണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചെന്ന് വ്യക്തമാക്കാമോ; ഓരോ കുടുംബത്തിനും ലഭ്യമാക്കിയ റേഷന്റെ അളവ് എത്രയെന്ന് വിശദമാക്കാമോ?

9 തീരദേശ ജില്ലകളിലെയും സിവിൽ സപ്ലൈസിന്റെ ജില്ലാ ഓഫീസുകളിലേയ്ക്ക് ഫിഷറീസിന്റെ അതാതു ജില്ലാ ഓഫീസുകളിൽ നിന്ന് സൗജന്യ റേഷന് അർഹരായവരുടെ ലിസ്റ്റ് നൽകിയിട്ടുണ്ട്. ട്രോൾ ബാൻ അവസാനിച്ചതിനുശേഷം മാത്രമേ എത്ര കുടുംബങ്ങൾ റേഷൻ വാങ്ങിയിട്ടുണ്ടെന്നും ഓരോ കുടുംബത്തിനും ലഭ്യമാക്കിയ റേഷന്റെ അളവും ലഭിക്കുകയുള്ളൂ.

(ബി) പ്രസ്തുത അൻപത് ദിവസ കാലയളവിൽ റേഷൻ വിതരണത്തിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വിശദമാക്കാമോ?

2021-22 സാമ്പത്തിക വർഷത്തിലെ ട്രോൾ ബാൻ അവസാനിച്ചുകഴിഞ്ഞതിനുശേഷം മാത്രമേ ജില്ലയിൽ നിന്നും സൗജന്യ റേഷൻ വിതരണത്തിന് ചെലവായ തുകയുടെ കണക്ക് ലഭിക്കുകയുള്ളൂ. അതിനു ശേഷം മാത്രമേ ടി വർഷം എത്ര തുക സൗജന്യ റേഷൻ വിതരണത്തിന് ചെലവഴിച്ചുവെന്ന് കണക്കാക്കാൻ കഴിയുകയുള്ളൂ. 2021-2022 സാമ്പത്തിക വർഷത്തിൽ സൗജന്യ റേഷൻ വിതരണം ചെയ്യുന്നതിനായി 5 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly